നമ്പർ. സി.പി.(5)55055/2011

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
കേരള, തിരുവനന്തപുരം, തീയതി : 02.04.2013
E.Mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in

# സർക്കുലർ നമ്പർ. 32/2013

വിഷയം : സഹകരണ വകുപ്പ് – കേരള സഹകരണ ചട്ടം – ഭേദഗതി – പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ/റീജിയണൽ ബാങ്കുകൾ/റൂറൽബാങ്കുകൾ/ക്രെഡിറ്റ് സഹകരണസംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനരുദ്ധരിക്കുന്നത് – സംബന്ധിച്ച് – മാർഗ്ഗ നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന : 1. സർക്കാരിന്റെ 01.01.2010 ലെ ജി.ഒ.(പി) 02/2010/സഹ നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 31.12.2010 ലെ ജി.ഒ.(പി) 225/2010/സഹ നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 19.01.2013 ലെ ജി.ഒ.(പി) 12/2013/സഹ നമ്പർ ഉത്തരവ്.

...............

സൂചന (1),(2) ഉത്തരവുകൾ പ്രകാരം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ നിലവിലുണ്ടായിരുന്ന ക്ലാസിഫിക്കേഷൻ വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയും എന്നാൽ ടി ക്ലാസിഫിക്കേഷൻ വിജ്ഞാപനത്തിലെ ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെന്നസഹകാരികളുടെ അപേക്ഷപ്രകാരം ചില വ്യവസ്ഥകൾ സൂചന(3) പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സൂചന (1), (2), (3) ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ നടത്തേണ്ടതാണ്.

2. സൂചന ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം സൂചന (3) ഉത്തരവ് തീയതി മുതൽ 3 മാസത്തിനകം സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയം നടത്തിയിരിക്കേണ്ടതാണ്.

3. പുതുക്കിയ ക്ലാസിഫിക്കേഷൻ വ്യസ്ഥകൾക്കനുസൃതമായി സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയം നടത്തുന്നതിന് മുൻ വർഷത്തെ ഓരോ മാസാവസാനത്തെയും നിക്ഷേപം, പ്രവർത്തന മൂലധനം, വായ്പാബാക്കിനിൽപ്പ്, എന്നിവയുടെ ആവറേജ് കണക്കിലെടുക്കേണ്ടതാണ്.

4. സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയിച്ച് അംഗീകാരം ലഭിയ്ക്കുന്നതിലേയ്ക്കായി സംഘത്തിന്റെ അപേക്ഷയോടൊപ്പം സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവും ആഡിറ്ററും സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട പ്രൊഫോർമ വിവരങ്ങൾകൂടി സമർപ്പിക്കേണ്ടതാണ്.

5. പുതുക്കിയ ക്ലാസിഫിക്കേഷൻ പ്രകാരം ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതും ആയത് നടപ്പിലാക്കുന്നതിന് ജോയിന്റ് രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതുമാണ്.

6. പുതുക്കിയ ക്ലാസിഫിക്കേഷൻ വ്യവസ്ഥകൾ പ്രകാരം, ഏതെങ്കിലും സഹകരണ സംഘത്തിന് നിലവിലുള്ള ക്ലാസിഫിക്കേഷൻ നിലനിർത്താനായില്ലെങ്കിൽ തൊട്ടുതാഴെയുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതും തുടർന്നു വരുന്ന ഒരു വർഷ കാലാവധിയ്ക്കു ശേഷവും യോഗ്യത കൈവരിയ്ക്കാനായില്ലായെങ്കിൽ തൊട്ടടുത്തവിഭാഗത്തിൽ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയിക്കേണ്ടതുമാണ്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ നിലവിൽ ജോലിനോക്കുന്നുണ്ടെങ്കിൽ ടി തസ്തികകൾക്ക് സംരക്ഷണം ഉണ്ടായിരി ക്കുന്നതും ടി തസ്തികകൾ സൂപ്പർന്യൂമററി ആയി കണക്കാക്കുന്നതും ഭാവി ഒഴിവുകളിൽ അഡ്ജസ്റ്റ് ചെയ്യുന്നതുമാണ്. ഇത്തരം സഹകരണ സംഘങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ അവസാനിക്കുന്നതുവരെ യാതൊരു കാരണവശാലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടുള്ളതല്ല.

7. ക്ലാസിഫിക്കേഷൻ പുതുക്കുന്നതിനാവശ്യമായ മറ്റ് വ്യവസ്ഥകൾ, ക്രമമായി പൊതുയോഗം കൂടിയിരിക്കേണ്ടതും രജിസ്ട്രാർക്ക് ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കണമെന്നതും തസ്തികകൾ അവസാനിക്കുന്നതുവരെ പുതിയ തസ്തികകൾ സൃഷ്ടിക്കാ ൻ പാടുള്ളതല്ല.
പ്രാഥമിക സംഘങ്ങൾ/ബാങ്കുകൾ എന്നിവ ചുവടെ പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം ക്ലാസിഫിക്കേഷൻ പുനർ നിർണ്ണിയിക്കേണ്ടത്.

<u>ക്ലാസ്സ് I- സൂപ്പർ ഗ്രേഡ്</u>

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 80 കോടി രൂപയ്ക്ക് മുകളിൽ |
| 2 | നിക്ഷേപം | 60 കോടി രൂപയ്ക്ക് മുകളിൽ |
| 3 | വായ്പാ ബാക്കി നിൽപ്പ് | 50 കോടി രൂപയ്ക്ക് മുകളിൽ |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ 'എ' ഗ്രേഡിൽ കുറയാൻ പാടില്ല . |
| 5 | ലാഭം | തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 4 വർഷം എങ്കിലും സംഘംലാഭത്തിൽപ്രവർത്തിച്ചിരിക്കണം. |
| 6 | ഓഹരിയിന്മേലുള്ള ലാഭ വിഹിതം | തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 3 വർഷം എങ്കിലും ഡിവിഡന്റ് പ്രഖ്യാപിച്ചിരിക്കണം. |
| 7 | കുടിശ്ശിക വായ്പകൾ | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 15% ൽ അധികരിക്കാൻ പാടില്ല. |

<u>ക്ലാസ്സ് I- സ്പെഷ്യൽ ഗ്രേഡ്</u>

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 30 കോടി രൂപയും അതിനു മുകളിലും |
| 2 | നിക്ഷേപം | 26 കോടി രൂപയും അതിനു മുകളിലും |
| 3 | വായ്പാ ബാക്കി നിൽപ്പ് | 22 കോടി രൂപയും അതിനു മുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ ക്ലാസിഫിക്കേഷൻ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ലാതെയും, എന്നാൽ അതിൽ ഒരുവർഷം എങ്കിലും ക്ലാസിഫിക്കേഷൻ 'എ' ആയിരിക്കുകയും വേണം. |
| 5 | ലാഭം | തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 2 വർഷം എങ്കിലും സംഘംലാഭത്തിൽപ്രവർത്തിച്ചിരിക്കണം. |
| 6 | ഓഹരിയിന്മേലുള്ള ലാഭ വിഹിതം | തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 1 വർഷമെങ്കിലും ഓഹരിയിന്മേൽ ഡിവിഡന്റ് പ്രഖ്യാപിച്ചിരിക്കണം. |
| 7 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികരിക്കാൻ പാടില്ല. |

<u>ക്ലാസ്സ് I-</u>

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 20 കോടി രൂപയ്ക്കും 30 കോടി രൂപയ്ക്കും മദ്ധ്യേ |
| 2 | നിക്ഷേപം | 18 കോടി രൂപയിൽ കുറയാതെയും 26 കോടിരൂപ യിൽ അധികരിയ്ക്കാതെയും ഉള്ള തുക |
| 3 | വായ്പാ ബാക്കി നിൽപ്പ് | 16 കോടി രൂപയും അതിന് മുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല |
| 5 | ലാഭം | തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 2 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം. |
| 6 | ഓഹരിയിന്മേലുള്ള ലാഭ വിഹിതം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും ഡിവിഡന്റ് പ്രഖ്യാപിച്ചിരിക്കണം. |
| 7 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികം കുടിശ്ശിക ആകാൻ പാടില്ല. |

**ക്ലാസ്സ് II**

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 14 കോടി രൂപയ്ക്ക് മുകളിലും 20 കോടിയ്ക്കും മദ്ധ്യേ അധികരിക്കാതെ പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം. |
| 2 | നിക്ഷേപം | 12 കോടി രൂപയിൽ കുറയാതെയും 18 കോടിയിൽ അധികരിക്കാത്ത നിക്ഷേപം ഉണ്ടാകണം. |
| 3 | വായ്പാ ബാക്കി നിൽപ്പ് | 10 കോടി രൂപയും അതിനു മുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുൻപത്തെ മൂന്ന് വർഷങ്ങളിൽ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല |
| 5 | ലാഭം | തൊട്ടുമുൻപത്തെ 3 വർഷങ്ങളിൽ 1 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം. |
| 6 | ഓഹരിയിന്മേലുള്ള ലാഭ വിഹിതം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും ഡിവിഡന്റ് പ്രഖ്യാപിച്ചിരിക്കണം. |
| 7 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികരിക്കാൻ പാടില്ല. |

സൂപ്പർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, ക്ലാസ്സ് I, ക്ലാസ്സ് II എന്നീ ക്ലാസുകളിൽ തരംതിരിക്കുന്നതിൽ 1,2,3,7 ക്രമനമ്പർ പ്രകാരമുള്ള നിബന്ധനകൾ നിർബന്ധമായി പാലിക്കേണ്ടതും ബാക്കി നിബന്ധനകളിൽ ഏതെങ്കിലും രണ്ട് നിബന്ധനകളും നിർബന്ധമായി പാലിക്കേണ്ടതുമാണ്.

**ക്ലാസ്സ് III –**

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 8 കോടിരൂപയ്ക്ക് മുകളിൽ 14 കോടിരൂപയിൽ അധികരിയ്ക്കാത്തപ്രവർത്തനമൂലധനംഉണ്ടായിരിക്കണം. |
| 2 | നിക്ഷേപം | 7 കോടി രൂപയ്ക്ക് മുകളിൽ 12 കോടി രൂപയിൽ അധികരിക്കാതെ നിക്ഷേപം ഉണ്ടായിരിക്കണം. |
| 3 | വായ്പാ ബാക്കി നിൽപ്പ് | 6 കോടി രൂപയ്ക്ക് മുകളിൽ വായ്പാ ബാക്കിൽപ്പ് ഉണ്ടായിരിക്കണം. |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള മൂന്ന് വർഷം 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല |
| 5 | ലാഭം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം. |
| 6 | ഓഹരിയിന്മേലുള്ള ലാഭ വിഹിതം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും ഡിവിഡന്റ് പ്രഖ്യാപിച്ചിരിക്കണം. |
| 7 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികരിക്കാൻ പാടില്ല. |

**ക്ലാസ്സ് IV-**

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 4 കോടിയ്ക്ക് മുകളിലും 8 കോടിയിൽ അധികരിക്കാതെയുള്ള പ്രവർത്തന മൂലധനം. |
| 2 | നിക്ഷേപം | 3 കോടി രൂപയ്ക്ക് മുകളിലും 7 കോടിയിൽ അധികരിക്കാതെനിക്ഷേപംഉണ്ടായിരിക്കണം. |
| 3 | വായ്പാ ബാക്കി നിൽപ്പ് | 3 കോടി രൂപയും അതിനു മുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള വർഷം 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല |
| 5 | ലാഭം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം. |
| 6 | ഓഹരിയിന്മേലുള്ള ലാഭ വിഹിതം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും ഡിവിഡന്റ് പ്രഖ്യാപിച്ചിരിക്കണം. |
| 7 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 30% ൽ അധികരിക്കാൻ പാടില്ല. |

**III, IV** ക്ലാസുകളിൽ തരംതിരിക്കുന്നതിന് ൽ 1,2,3 നിബന്ധനകളും ബാക്കിയുള്ള നാല് നിബന്ധനകളിൽ ഏതെങ്കിലും മൂന്ന് നിബന്ധനകളും പാലിച്ചിരിക്കേണ്ടതാണ്.

**ക്ലാസ്സ് V**

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 2 കോടി രൂപയ്ക്ക് മുകളിൽ 4 കോടി രൂപയിൽ അധികരിയ്ക്കാതെ പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം. |
| 2 | നിക്ഷേപം | 1.5 കോടി രൂപയും അതിനു മുകളിലും എന്നാൽ 3 കോടിയിൽ അധികരിക്കരുത്. |
| 3 | വായ്പാ ബാക്കി നിൽപ്പ് | 1കോടിയും അതിനു മുകളിലും എന്നാൽ 3 കോടിയിൽ അധികരിക്കരുത്. |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ 'സി' ഗ്രേഡിൽ കുറയാൻ പാടില്ല |
| 5 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 35% ൽ അധികരിക്കാൻ പാടില്ല. |

**ക്ലാസ്സ് VI-**

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 1 കോടി രൂപയ്ക്ക് മുകളിൽ 2 കോടിയിൽ അധികരിക്കാതെ പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം. |
| 2 | നിക്ഷേപം | 75 ലക്ഷം രൂപയും അതിനു മുകളിലും എന്നാൽ 1.5 കോടി രൂപയിൽ അധികരിക്കാനും പാടില്ല. |
| 3 | വായ്പാ ബാക്കി നിൽപ്പ് | 50 ലക്ഷം രൂപയും അതിന് മുകളിലോ വായ്പാ ബാക്കിനിൽപ്പ് ഉണ്ടായിരിക്കണം. |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | ഏറ്റവും അവസാനത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ആഡിറ്റ് ക്ലാസ്സിഫിക്കേഷൻ 'സി' ൽ കുറയാൻ പാടില്ല |
| 5 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 35% ൽ അധികരിക്കാൻ പാടില്ല. |

ക്ലാസ്സ്-V ലും ക്ലാസ്സ് VI ലും തരംതിരിക്കുന്നതിന് ക്രമനമ്പർ 1,2,3 നിബന്ധനകളും മറ്റ് രണ്ട് നിബന്ധനകളിൽ ഏതെങ്കിലും ഒന്നെങ്കിലും പാലിച്ചിരിക്കേണ്ടതാണ്.

**എംപ്ലോയീസ് സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം III, IV എന്നീ ക്ലാസ്സുകളിലായി തരംതിരിക്കുന്നതിന് ടി സംഘങ്ങൾ/ബാങ്കുകൾ ടി ക്ലാസ്സുകളിലേക്ക് തരംതിരിക്കുന്നതിനുള്ള 1,3,7 എന്നീ നിബന്ധനകളും, ബാക്കിയുള്ള നിബന്ധനകളിലെ ഏതെങ്കിലും രണ്ടെണ്ണവും പാലിച്ചിരിക്കണം.**

**എന്നാൽ ക്ലാസ്സ് V ആയി തരം തിരിക്കുന്നതിന് ടി ക്ലാസിലേയ്ക്ക് തരം തിരിക്കുന്നതിനുള്ള വ്യവസ്ഥകളിൽ 1,3,5 എന്നീ വ്യവസ്ഥകളും മറ്റു നിബന്ധനകളിൽ ഏതെങ്കിലും ഒരെണ്ണവും പാലിച്ചിരിക്കണം.**

ക്ലാസ്സ് VII – സൂപ്പർ ഗ്രേഡ് മുതൽ ക്ലാസ്സ് VI വരെയുള്ള ഒരു ക്ലാസ്സിലും ഉൾപ്പെടാത്ത മറ്റെല്ലാ വായ്പാ സംഘങ്ങളും ക്ലാസ്സ് VII ൽ ഉൾപ്പെടുന്നതായിരിക്കും.

ചട്ടത്തിൽ പരാമർശിക്കുന്ന പ്രകാരം എല്ലാ വായ്പാസംഘങ്ങളുടെയും ക്ലാസിഫിക്കേഷൻനിശ്ചിത സമയപരിധിയ്ക്കകം തീർക്കുന്നു എന്ന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരും, അസിസ്റ്റന്റ് രജിസ്ട്രാർമാരും ഉറപ്പാക്കേണ്ടതും, ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് ലഭിയ്ക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം തീർപ്പാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. സർക്കാർ ആഫീസുകളിലോ, യൂണിറ്റ് ഇൻസ്പെക്ടറുടെ കൈവശമോ യാതൊരു നടപടി എടുക്കാതെ പ്രൊപ്പോസലുകൾ സൂക്ഷിക്കുന്ന പക്ഷം, ഇക്കാര്യത്തിൽ കർശന നടപടി ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്.

ക്ലാസിഫിക്കേഷൻ സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാതൃകയിൽ ജോയിന്റ് രജിസ്ട്രാർമാർ വിവരങ്ങൾ സൂക്ഷിക്കേണ്ടതാണ്.

| സംഘത്തിന്റെ പേര് | ക്ലാസിഫിക്കേഷൻ പഴയത് | | ക്ലാസിഫിക്കേഷൻ പുതിയത് | | അർഹതയുള്ളത് അധികം | ഇപ്പോൾ ക്ലാസിഫിക്കേഷൻ നൽകിയ ഉത്തരവ് | അടുത്ത ക്ലാസിഫിക്കേഷൻ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

എല്ലാ സഹകരണ സംഘങ്ങളുടെയും ക്ലാസിഫിക്കേഷൻ പൂർത്തിയാക്കേണ്ടതും, അപ്രകാരം നിശ്ചിത സമയപരിധിയ്ക്കകം പൂർത്തിയാക്കി എന്ന് ഉറപ്പുവരുത്തി, 30.07.2013 നകം ഒരു സർട്ടിഫിക്കറ്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള എല്ലാ സംശയങ്ങളും ജോയിന്റ് രജിസ്ട്രാർമാർ തീർപ്പ് കൽപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കാത്തതും സംഘങ്ങളെ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർ ക്ലാസിഫൈ ചെയ്യേണ്ടതാണ്.

സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് - III ), എന്നിവർ ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ തലത്തിലുള്ള നടപടികൾ ഏകോപിപ്പിക്കേണ്ടതാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ് :
1. രജിസ്ട്രാർ,
   ബഹു. കേരള ഹൈക്കോടതി (ഉപരി പത്രം സഹിതം) എറണാകുളം
2. സെക്രട്ടറി,
   കേരള നിയമസഭ (ഉപരി പത്രം സഹിതം)
3. എല്ലാ പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്കും
   (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും,
   എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
   (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ)/
   ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
7. എഡിറ്റർ, സഹകരണവീഥി
8. എഡിറ്റർ, സഹകരണ ജേർണൽ
9. വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ

# പ്രൊഫോർമ

## സർക്കുലർ 32/2013 – അനുബന്ധം (പേജ്-1)

| | | | | | | |
|---|---|---|---|---|---|---|
| 1 | സംഘത്തിന്റെ പേര് | | | | | |
| 2 | വിലാസം | | | | | |
| 3 | രജിസ്റ്റർ ചെയ്ത തീയതി | | | | | |
| 4 | പ്രവർത്തനം ആരംഭിച്ച തീയതി | | | | | |
| 5 | നിലവിലെ ക്ലാസിഫിക്കേഷൻ (ചട്ടം 188 പ്രകാരം) | | | | | |
| 6 | എന്നു മുതലാണ് തരംതിരിച്ചത് | | | | | |
| 7 | ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് നമ്പർ/തീയതി | | | | | |
| 8 | പ്രവർത്തന മൂലധനം | 2008–2009 | 2009–2010 | 2010–2011 | 2011–2012 | 2012–2013 |
| 9 | നിക്ഷേപം | | | | | |
| 10 | വായ്പാ ബാക്കി നിൽപ്പ് | | | | | |
| 11 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | | | | | |
| 12 | ലാഭം (ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം) | | | | | |
| 13 | നഷ്ടം | | | | | |
| 14 | ലാഭം/നഷ്ടം<br>(താൽക്കാലിക കടധന പട്ടിക പ്രകാരം) | | | | | |
| 15 | ഓഹരി | | | | | |
| 16 | ഡിവിഡന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ? | | | | | |
| 17 | ഉണ്ടെങ്കിൽ എത്ര ? | | | | | |
| 18 | ഏതുവർഷം വരെ ആഡിറ്റ് പൂർത്തിയാക്കി ? | | | | | |
| 19 | അവസാനം പൊതുയോഗം കൂടിയത് | | | | | |
| 20 | ആകെ ബാക്കി നിൽപ്പ് വായ്പകൾ | | | | | |
| 21 | അതിൽ കാർഷിക വായ്പ | | | | | |
| 22 | കാർഷികേതര വായ്പകൾ | | | | | |
| 23 | ആകെ കുടിശ്ശിക | | | | | |
| 24 | കുടിശ്ശിക % (ആകെ) | | | | | |
| 25 | കുടിശ്ശിക വായ്പയിൽ കാർഷിക വായ്പകളിലെ കുടിശ്ശിക % | | | | | |
| 26 | കാർഷികേതര വായ്പകളിലെ കുടിശ്ശിക | | | | | |
| 27 | നിലവിലുള്ള ജീവനക്കാർ തസ്തിക തിരിച്ച്<br>(പ്രത്യേകം പട്ടിക അടക്കം ചെയ്യണം) | | | | | |
| | അനുവാദം ലഭിച്ച ഉത്തരവ് നമ്പർ/തീയതി<br>(പകർപ്പ് അടക്കം ചെയ്യണം) | | | | | |

| ക്രനം | ശാഖകളുടെ എണ്ണം | പേര് | ആരംഭിച്ച തീയതി | ശാഖകളിൽ നിലവിലുള്ള ജീവനക്കാർ |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |

പ്രസിഡന്റ് സെക്രട്ടറി യൂണിറ്റ് ഇൻസ്പെക്ടർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)

# ANNEXURE PAGE 2

Name of the PACS/FSCB/Employees Co-operative Societies etc. Amount in Lakhs

Position

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| Financial Year 20…...20…...Month | Monthly Average Deposits | Monthly Average Working Capital | Monthly Average Loan Outstanding | Over due | Percentage at Over due | Agricultural loan to Total Loan in % | Average Individual Deposit to Total deposit in % | Average Individual Loans to Total loans in % |
| | | | | | | | | |
| May | | | | | | | | |
| June | | | | | | | | |
| July | | | | | | | | |
| August | | | | | | | | |
| September | | | | | | | | |
| October | | | | | | | | |
| November | | | | | | | | |
| December | | | | | | | | |
| January | | | | | | | | |
| February | | | | | | | | |
| March | | | | | | | | |
| | | | | | | | | |